മനസ്സ്



# എന്റെ സഭ...
# എന്റെ ജീവിതം...

ജോൺസൺ കീപ്പള്ളിൽ

# എന്റെ സഭ...
# എന്റെ ജീവിതം...

## ജോൺസൺ കീപ്പള്ളിൽ


പ്രസിദ്ധീകരണം :

മനസ്സ്
a magazine for success

F4, Ist Floor, എംപവർ ബിൽഡിംഗ്
ഹൈക്കോടതിക്ക് സമീപം, എറണാകുളം

Malayalam
Ente Sabha Ente Jeevitham
by Johnson Keeppallil
Published by: Manas
First Edition : July 2022
Rights Reserved
*Cover Design:* Aaron G. Preeth
*Setting & Printing :* Focus Pathanamthitta



# ആമുഖം

ബഹുമാന്യരെ,

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധികാര സമിതിയായ മലങ്കര അസോസിയേഷൻ 2022 ആഗസ്റ്റ് 4 ന് പത്തനാപുരം മൗണ്ട് താബോർ ദയറായിൽ വെച്ച് നടക്കുകയാണ്. ക്രിസ്തു എന്ന സത്യ ദൈവത്തെ നോക്കി സ്വർഗ്ഗകനാനിലേക്ക് പ്രയാണം നടത്തുന്നതിന് ഭാരതത്തിലെ ജനതയെ രണ്ടായിരം വർഷം മുൻപ് പ്രാപ്തനാക്കിയ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പാത പിൻതുടരുന്നവരാണ് ഭാരതത്തിലെ നസ്രാണികൾ. വൈദേശിക ഇടപെടലുകളും വിശ്വാസ വിരുദ്ധ ശക്തികളുടെ പ്രവർത്തനങ്ങളും ധാരാളം ഉണ്ടായിട്ടുണ്ടെങ്കിലും പരിശുദ്ധ പിതാക്കന്മാർ അഭംഗുരം കാത്തു സൂക്ഷിച്ച വിശ്വാസം തലമുറ തലമുറയായി കൈമാറി വരുന്ന വിശ്വാസ ധീരന്മാരുടെ കൂട്ടായ്മയാണ് മലങ്കര ഓർത്തഡോക്സ് സഭ. സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസവും പൈതൃക പാരമ്പര്യങ്ങളും കണ്ണിലെ കൃഷ്ണമണി പോലെ എന്നും കാത്തു സൂക്ഷിക്കുമെന്നുള്ള പ്രതിജ്ഞയെടുക്കലാണ്

മലങ്കര അസോസിയേഷൻ യോഗങ്ങൾ. ഇൻഡ്യയിലെ തദ്ദേശീയ സംസ്കാരവും ഇൻഡ്യൻ ദേശീയതയും നീതിന്യായ വ്യവസ്ഥയും അംഗീകരിച്ചു കൊണ്ടു തന്നെ ക്രിസ്തുവിലുള്ള കൂറും ഭക്തിയും നിലനിർത്തുന്നവരാണ് മലങ്കര ഓർത്തഡോക്സ് സഭ.

ഓരോ മലങ്കര അസോസിയേഷനും സഭയുടെ ഭരണ നിർവഹണത്തിനാവശ്യമായ തീരുമാനങ്ങൾ എടുക്കാറുണ്ട്. ആഗസ്റ്റ് 4 ന് പത്തനാപുരത്ത് നടക്കുന്ന മലങ്കര അസോസിയേഷൻ സഭാസ്ഥാനികളേയും മാനേജിംഗ് കമ്മറ്റിയേയും തെരഞ്ഞെടുക്കും. ഈ തെരഞ്ഞെടുപ്പിൽ അൽമായ ട്രസ്റ്റിയായി മത്സരിക്കുന്ന ശ്രീ.ജോൺസൺ കീപ്പള്ളിയെ വിജയിപ്പിക്കണമെന്ന് ഞങ്ങൾ വിനയ പുരസരം അഭ്യർത്ഥിക്കുന്നു. ശ്രീ.ജോൺസൺ കീപ്പള്ളിൽ എന്ന വ്യക്തിത്വത്തെ അടുത്തറിയാനുള്ള പരിശ്രമ മാണ് ഈ പുസ്തകം. വായനക്കായി സമർപ്പിക്കുന്നു.

**മനസ്**
**പത്രാധിപ സമിതി**





# പ്രിയരോട് ഒരു വാക്ക്

അഭിവന്ദ്യ പിതാക്കന്മാരെ, ആദരണീയരായ വൈദിക ശ്രേഷ്ഠരെ ഏറ്റവും ബഹുമാന്യരായ മലങ്കര അസോസിയേഷൻ അംഗങ്ങളെ,

മലങ്കര ഓർത്തഡോക്സ് സഭയുടെ അൽമായ ട്രസ്റ്റി സ്ഥാന ത്തേക്ക് ബലഹീനനായ എന്നെ പരിഗണിക്കണമെന്ന് പ്രാർത്ഥന യോടെ അഭ്യർത്ഥിക്കുകയാണ്.

അഭിവന്ദ്യ പിതാക്കന്മാർക്കും ശ്രേഷ്ഠ വൈദികർക്കും ശക്തരായ അൽമായ നേതാക്കന്മാർക്കുമൊപ്പം തോളോടു തോൾ ചേർന്ന് സഭ യുടെ കെട്ടുറപ്പിനും വളർച്ചയ്ക്കും വികസനത്തിനുമായി ഞാൻ അഹോരാത്രം പ്രവർത്തിക്കുമെന്ന് ഉറപ്പ് നൽകുന്നു.

ചെങ്ങന്നൂർ ഭദ്രാസനത്തിലെ പുരാതന ദേവാലയമായ കുടശ്ശ നാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഇടവകയിലെ ആത്മീയ പ്രസ്ഥാന ങ്ങളിലൂടെയാണ് അരനൂറ്റണ്ട് മുൻപ് ഞാൻ പരിശുദ്ധ സഭയുടെ പ്രവർ ത്തനങ്ങളിൽ സജീവമായത്. പൂർവ്വപിതാക്കന്മാർ കാത്തുസൂക്ഷിച്ച് കൈമാറി കിട്ടിയ സത്യവിശ്വാസത്തിൽ അടിയുറച്ച് ജീവിക്കുകയും ആ വിശ്വാസം അഭംഗുരം സംരക്ഷിക്കുകയും തലമുറകളിലേക്ക് കൈമാറു കയും ചെയ്യുക എന്ന ക്രൈസ്തവ ദൗത്യം എന്റെ ജീവിത ലക്ഷ്യമാ ണെന്ന് ഞാൻ വിശ്വസിക്കുന്നു.

അഖില മലങ്കര ബാല സമാജത്തിന്റെയും യുവജന പ്രസ്ഥാന ത്തിന്റെയും ഇടവക, ഡിസ്ട്രിക്ട് ഭദ്രാസന തലങ്ങളിൽ ഭാരവാഹിയാ യിരിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞത് ജീവിതത്തിലെ മഹാഭാഗ്യ മായി കരുതുന്നു.

ഭാഗ്യസ്മരണാർഹനായ കാലം ചെയ്ത പരിശുദ്ധ ബസേലി യോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ ( വട്ടക്കുന്നേൽ ബാവ ) സ്നേഹ വാത്സല്യങ്ങളും നിർദ്ദേശങ്ങളും സഭയുടെ പ്രവർ

ത്തനങ്ങളിൽ സജീവമാകാൻ എനിക്ക് പ്രേരണയായിട്ടുണ്ട്. അത് വലിയ അനുഗ്രഹമായി കാണുന്നു.

ജോലിസംബന്ധമായി വിദേശങ്ങളിൽ ആയിരിക്കുമ്പോഴും ഔദ്യോഗിക പ്രവർത്തനങ്ങളോടൊപ്പം തന്നെ സഭാപ്രവർത്തനങ്ങളും സജീവമായി മുൻപോട്ട് കൊണ്ടുപോയിട്ടുണ്ട്. സൗദി അറേബ്യയിലെ പ്രതിസന്ധികളിലും പ്രവാസികളായ മലങ്കര മക്കളുടെ കൂട്ടായ്മകൾക്കും സേവനങ്ങൾക്കുമായി ഏറെ പ്രവർത്തിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.

ബിസിനസ് രംഗത്തും വിദ്യാഭ്യാസ രംഗത്തുമുള്ള എല്ലാ പ്രവർത്തനങ്ങളിലും എന്റെ സഭയോടൊപ്പം ചേർന്നു നിൽക്കാനും കഴിയുന്നത്ര സഭാ രംഗങ്ങളിൽ സജീവമാകാനും ശ്രമിച്ചിട്ടുണ്ട്.

എം.ജി.ഒ.സി.എസ്.എമ്മിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടത്തിയിരുന്ന സിവിൽ സർവ്വീസ് അക്കാദമി പുനരുദ്ധരിച്ച് ഭൗതിക സാഹചര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തി ദേശീയതലത്തിൽ മുൻനിര പരിശീലന കേന്ദ്രങ്ങളിലൊന്നാക്കി മാറ്റുന്നതിന് പങ്കാളിയാകാനും അവസരം ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. സിവിൽ സർവീസ് അക്കാദമിയുടെ ഡയറക്ടറായി പ്രവർത്തിക്കുന്നതിൽ ഏറെ അഭിമാനവും ഉണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക ചാരിറ്റബിൾ സൊസൈറ്റിയായ ആർദ്രയുടെ ട്രഷററായി എന്നെ ചുമതലപ്പെടുത്തിയ പരി. ബാവാ തിരുമേനിയോടും പരി. സുന്നഹദോസിനോടും സൊസൈറ്റിയോടുമുള്ള നന്ദി വാക്കുകൾക്കതീതമാണ്. ഏൽപ്പിച്ച ദൗത്യം നൂറു ശതമാനം ഉത്തരവാദിത്തത്തടെ നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ ഫലമാണ്  വിവിധ സ്ഥലങ്ങളിൽ അർഹരായവർക്ക് നിർമ്മിച്ചു നൽകിയ ആർദ്ര വീടുകളും അനേകർക്കു ലഭിച്ചു കൊണ്ടിരിക്കുന്ന ചികിത്സാ - വിവാഹ - വിദ്യാഭ്യാസ സഹായങ്ങളും.

ബഹുമാന്യരെ,

മലങ്കര സഭ കാലത്തിനൊപ്പം മുന്നേറേണ്ടതുണ്ട്. പുതിയ കാലത്ത് പുതിയ സാങ്കേതിക വിദ്യകളുടെ കടന്നു വരവിൽ, വിധ്വംസക ശക്തികൾ ഉയർത്തുന്ന വെല്ലുവിളികളിൽ, നാം ഏറെ പ്രതിരോധം സൃഷ്ടിക്കുകയും അതിജീവിക്കുകയും ചെയ്യേണ്ടതുണ്ട്.

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഈ പുരാതനവും പരിശുദ്ധവുമായ സഭയുടെ ചരിത്രവും സംസ്കാരവും നശിച്ചുപോകാതെ സൂക്ഷിക്കേണ്ടതുണ്ട്. പുതിയ തലമുറ നേരിടുന്ന വിശ്വാസപരവും മൂല്യാധിഷ്ഠിതവുമായ പ്രശ്നങ്ങളിൽ അവർക്ക് നേർവഴി കാട്ടേണ്ടതുണ്ട്.

മാർത്തോമ്മായുടെ സിംഹാസനത്തിൽ വാണരുളുന്ന കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ കാതോലിക്കാ ബാവായുടെ കരങ്ങൾക്ക് ശക്തി പകരേണ്ടത് നമ്മൾ മലങ്കര മക്കളുടെ കടമയാണ്.

ദൈവം എനിക്കു നൽകിയ താലന്തുകൾ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി വിനിയോഗിക്കുവാൻ ഒരവസരം നൽകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

സഭ ആരാധനയ്ക്കും ആത്മീയ-ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമൊപ്പം സമാധാനത്തിന്റെയും ഇടമാണ്. സമാധാനവും സ്നേഹവുമാണ് പുതിയ നിയമത്തിന്റെ സന്ദേശം.അതിനായി നമ്മുക്ക് ഒത്തൊരുമിക്കാം.

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടെ

**ജോൺസൺ കീപ്പള്ളിൽ**
**ഫോൺ : 9846352615**







# പരിശുദ്ധ സഭയെക്കുറിച്ചുള്ള എന്റെ സ്വപ്നങ്ങൾ

**A. ഓർത്തഡോക്സ് വിശ്വാസവും പാരമ്പര്യവും അഭംഗുരം കാത്തു സൂക്ഷിക്കുക.**

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് രണ്ടായിരം വർഷത്തെ പാരമ്പര്യമാണുള്ളത്.സംസ്ക്കാരത്തിൽ ഭാരതീയരും വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും ക്രൈസ്തവരുമാണ് നമ്മൾ. പരിശുദ്ധ കാതോലിക്കാ ബാവയുടേയും പരിശുദ്ധ സുന്നഹദോസിന്റെയും പ്രാർത്ഥനയിലും പരിപാലനത്തിലും നിയന്ത്രണത്തിലും മുന്നേറുന്ന ഈ സഭ പൂർവ പിതാക്കൻമാർ തലമുറകളായി കാത്തു സൂക്ഷിച്ച വിശ്വാസം നെഞ്ചോടു ചേർത്തു വെക്കുന്നവരാണ്.

ലോക സഭകളുടെ ഇടയിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് തനതായ ഒരു വ്യക്തിത്വമുണ്ട്. എങ്കിലും ലോക ക്രൈസ്തവ സഭകളുടെ മുൻനിരയിലേക്ക് ഭാരത സഭ എത്തിച്ചേരേണ്ടതുണ്ട്. സഭയുടെ സ്വാതന്ത്ര്യവും വ്യക്തിത്വവും എക്കാലവും കാത്തുസൂക്ഷിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. ഭാരതത്തിന്റെ പരമോന്നത നീതി പീഠം നിയമ വ്യവസ്ഥയിലൂടെ നമ്മൾക്ക് നൽകിയ അധികാരവകാശങ്ങൾ നടപ്പിലാക്കപ്പെടുകയും പാലിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.

ഭാരതത്തിന്റെ പൊതു സമൂഹത്തിന്റെ അംഗീകാരം നേടിക്കൊണ്ടുതന്നെ ഭരണഘടന അനുശാസിക്കുന്ന രീതിയിൽ പാരമ്പര്യവും വ്യക്തിത്വവും കാത്തു സൂക്ഷിച്ച് സഭ മുന്നേറണം.

സമസ്ത മേഖലകളിലും സഭാ മക്കളുടെ സാന്നിധ്യമുണ്ടാകണം. വിവിധ കഴിവുകൾ ഉള്ള സഭാംഗങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകി വളർത്തിയെടുക്കുകയും അത് സഭയുടെ പൊതു നന്മക്കായി മാറുകയും വേണം.

### B. ആത്മീയമായി സഭാ മക്കളുടെ ഉയർച്ച

സഭാ മക്കളുടെ ആത്മീയ ഉയർച്ചയും വളർച്ചയുമാണ് ക്രിസ്തുവിന്റെ ശരീരമായ സഭയുടെ മുഖ്യ ലക്ഷ്യം. കാലത്തിന്റെ മാറ്റവും സങ്കേതിക വിദ്യയുടെ വളർച്ചയും വിവിധ സംസ്ക്കാരങ്ങളുടെ കടന്നുകയറ്റവും ഇന്ന് മനുഷ്യനെ ദൈവത്തിൽ നിന്ന് ഏറെ അകറ്റിയിരിക്കുന്നു. ദൈവത്തിൽ നിന്ന് മുഖം തിരിയുന്നതോടെ മനുഷ്യൻ അശാന്തിയുടെ ലോകത്തേക്ക് ചെന്നുപെടുന്നു. ഭൗതിക നേട്ടങ്ങളോ സമ്പത്തോ ആന്തരികമായ ശാന്തിയും സമാധാനവും നൽകുന്നില്ല എന്ന തിരിച്ചറിവ് ഉണ്ടാകുമ്പോഴേക്ക് മനുഷ്യർ മാനസിക രോഗങ്ങൾക്കും ശാരീരിക രോഗങ്ങൾക്കും അടിമയായിരിക്കും. ബന്ധങ്ങളിൽ വിള്ളലുകൾ സംഭവിക്കും. സ്വർഗ്ഗ കനാൻ ലക്ഷ്യമാക്കേണ്ട സമൂഹം അതിൽ നിന്ന് ഏറെ വ്യതിചലിക്കും.

ഇത് അനുവദിച്ചു കൂടാ. വൈദികരെ ശാക്തികരിക്കുന്നതോടൊപ്പം ക്രൈസ്തവികവും പൗരസ്ത്യവുമായ വിശ്വാസം വ്യക്തികളിൽ ഊട്ടിയുറപ്പിക്കാനും പ്രശ്നങ്ങളിൽ വഴി തെറ്റാതെ കൂടെ നിൽക്കാനും അല്മായരുടെ കൂട്ടായ്മകളും ശാക്തീകരണവും ഉണ്ടാകണം.

### C. ആത്മീയ പ്രസ്ഥാനങ്ങൾ

ആദ്ധ്യാത്മിക വളർച്ചയിൽ ആത്മീയ പ്രസ്ഥാനങ്ങൾക്ക് വലിയ പങ്കാണുള്ളത്. ആത്മീയ പ്രസ്ഥാനങ്ങളിലെ പ്രവർത്തകർക്ക് കൂടുതൽ അംഗീകാരം നൽകണം. സഭാ സ്ഥാപനങ്ങളിൽ തസ്തികകൾ ഉണ്ടാകുമ്പോൾ അത്മീയ പ്രസ്ഥാനങ്ങളിലെ പങ്കാളിത്തത്തിന് കൂടുതൽ പരിഗണന നൽകണം. പ്രസ്ഥാനങ്ങളിലേക്ക്

കൂടുതൽ പേരെ ആകർഷിക്കൻ കഴിയുന്ന കാലോചിതമായ മാറ്റങ്ങൾ പ്രവർത്തനങ്ങളിൽ ഉണ്ടാകണം.

D. **പൊതു സമൂഹത്തിൽ സഭയുടെ സ്ഥാനവും വ്യക്തിത്വും നിലനിർത്തുന്നതിനും പൊതുസമൂഹത്തിന്റെ നേതൃത്വരംഗത്തേക്ക് സഭ ഉയർന്നുവരണം.**

E. **രാഷ്ട്രീയ- സാംസ്ക്കാരിക - സാഹിത്യ- ഔദ്യോഗിക രംഗങ്ങളിൽ വളർന്നു വരുന്നവരെ പ്രോത്സാഹിപ്പിക്കണം.**

F. **എക്യൂമെനിക്കൽ രംഗത്ത് സജീവമായ ഇടപെടലും നേതൃത്വവും സഭയ്ക്കുണ്ടാകണം.**

G. സഭാംഗങ്ങൾക്ക് സാമ്പത്തിക സുസ്ഥിരത ഉറപ്പിക്കുന്നതിന് മൈക്രോ ഫിനാൻസ് സംവിധാനങ്ങൾ നടപ്പിലാക്കണം.

H. പുരോഹിതരുടെയും പൂർണ്ണ സമയ സഭാ സേവകരുടെയും സേവന വേതന മേഖലകളിലുള്ള ഇടപെടലും കൈത്താങ്ങും ഉണ്ടാകണം.

J. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുകയും മികവുറ്റതാക്കുകയും ചെയ്യണം.

K. അസംഘടിത തൊഴിൽ മേഖലയിലുള്ള സഭാ മക്കളെക്കുറിച്ചുള്ള കരുതൽ പദ്ധതികൾ രൂപീകരിക്കണം.

L. സ്ത്രീ ശാക്തീകരണത്തിനുള്ള പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കണം.

M. പുതിയ തലമുറയുടെ ആത്മീയവും ഭൗതികവുമായ വളർച്ച ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾ

N മലങ്കര അസോസിയേഷൻ അംഗങ്ങളെ അതാത് ഭദ്രാസനങ്ങളിൽ വിളിച്ചു കൂട്ടുകയും ഭദ്രാസനതല സെക്രട്ടറിയേറ്റ് രൂപീകരിക്കുകും ചെയ്യണം.

O പലിശരഹിത വായ്പകൾ നിർധനരായ സഭാംഗങ്ങൾക്ക് ലഭിക്കുന്നതിന് നിയമാനുസൃത ബാങ്കിംഗ് സംവിധാനങ്ങൾ ആരംഭിക്കണം.

P ഭവനരഹിതർ ഇല്ലാത്ത മലങ്കര സഭ എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കണം

Q അർഹരായ സഭാംഗങ്ങൾക്ക് ഉറപ്പായും സഭാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ചെയ്യണം.

R എല്ലാ സഭാംഗങ്ങൾക്കും പങ്കാളിത്ത പദ്ധതിയിലൂടെ ആരോഗ്യ ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള പ്രോജക്ട് ഉണ്ടാകണം.

S സണ്ടേസ്ക്കൂൾ പന്ത്രണ്ടാം ക്ലാസ് പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ദൈവശാസ്ത്ര പഠന നടത്തുന്ന സർവ്വകലാശാലകളുമായി ചേർന്ന് ഡിപ്ലോമ സർട്ടിഫിക്കേറ്റ് നൽകും

T ഇൻഡ്യൻ സിവിൽ സർവ്വീസ് പരീക്ഷയുൾപ്പെടെ വിവിധ മത്സര പരീക്ഷകളിൽ വിദ്യാർത്ഥികൾ വിജയം കരസ്ഥമാക്കാനുതകുന്ന തരത്തിൽ എം.ജി.ഒ.സി.എസ്.എം. സിവിൽ സർവ്വീസ് അക്കാദമിയുടെ നേതൃത്വത്തിൽ സണ്ടേസ്ക്കൂൾ പ്രസ്ഥാനവുമായി സഹകരിച്ച് ഇടവകകളിൽ എക്സലൻറ് ക്ലബ്ബ്കൾ രൂപീകരിക്കും.



**മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ തിരുമേനിയുമായി മനസ് മാസികയുടെ ചീഫ് എഡിറ്റർ ജോൺസൺ കീപ്പള്ളിൽ നടത്തിയ അഭിമുഖം.**



**പരിശുദ്ധ തിരുമേനിക്ക് മനസ് മാസികയുടെ പിറന്നാൾ ആശംസകൾ. തിരുമേനി മനസ് മാസികയുടെ പുതിയ ലക്കത്തിൽ മലങ്കര സഭ പുതുയുഗം നവ ദൗത്യം എന്ന വിഷയങ്ങളിലുള്ള ചർച്ചകളാണ് ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നത്. കോവിഡാനന്തരം രൂപത്തിലും ഭാവത്തിലും പുതിയ ഒരു കാലത്തിലേക്ക് ലോകവും മനുഷ്യരും എത്തിചേർന്നിരിക്കുകയാണ്. മനുഷ്യരുടെ ചിന്തയിലും ജീവിത ശൈലിയിലും മാറ്റങ്ങൾ ഉണ്ടായിരിക്കുന്നു.സാങ്കേതിക മാറ്റങ്ങളും... സാമ്പത്തിക പ്രതിസന്ധിയും വലിയ പ്രതിസന്ധികൾ ഉണ്ടാക്കുന്നു. അങ്ങയുടെ കാഴ്ചപ്പാടിൽ ഈ സാഹചര്യത്തിൽ സഭ ഏറ്റെടുക്കേണ്ട ദൗത്യങ്ങൾ എന്തൊക്കെയാണ്.**

**പരിശുദ്ധ ബാവ -** കോവിഡ് കാലത്ത് നമ്മുടെ നാനാജാതി മതസ്തരായ ആളുകൾ വളരെ കഷ്ടപ്പെടുകയും പ്രയാസപ്പെടുകയും ചെയ്യുന്നുണ്ട്. എല്ലാവരും ദൈവത്തിന്റെ മക്കളാണ് എല്ലാവരുടെയും നന്മയും എല്ലാവരുടെയും നല്ല ജീവിതവുമാണ് സഭ ആഗ്രഹിക്കുന്നത്. ആരും കഷ്ടപ്പെടുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. അതു കൊണ്ട് സഹോദരതുല്യമായ സ്നേഹം പങ്കിടുകയാണ് സഭയുടെ ഉത്തരവാദിത്വം. ഈ ഒരു കാലഘട്ടവും ദൈവദത്തമാണെന്ന് നാം മനസിലാക്കണം. തന്നിരിക്കുന്ന പ്രതിസന്ധികൾ എന്താണങ്കിലും ദൈവീക സ്നേഹത്തോടെയും സഹനത്തോടെയും നേരിടുന്നതാണ് ക്രിസ്തീയ ദൗത്യമെന്ന് നാം മനസിലാക്കണം. അതു കൊണ്ട് വന്നു ചേർന്നിരിക്കുന്നതായ ഈ ദുരന്തത്തിൽ നിന്ന് കരകയറണമെങ്കിൽ

പരസ്പര സ്നേഹവും വിശ്വാസവും വർദ്ധിപ്പിക്കണം. നമ്മളെ കൊണ്ടു കഴിയാവുന്നതെല്ലാം നാം മറ്റുള്ളവർക്കു വേണ്ടി ചെയ്യണം. നിരാശപ്പെട്ടിരിക്കുന്നവരും പ്രതിസന്ധിലായിരിക്കുന്നവരും അനേകരുണ്ട്. ജാതിയും മതവും വർഗ്ഗവും വർണ്ണവും നോക്കാതെ അവരെ സഹായിക്കുകയാണ് നമ്മുടെ ചുമതല. സ്വത്തും കൂട്ടി വെച്ചിട്ട് ലോകത്തും നിന്നു കടന്നു പോയിട്ട് യാതൊരു കാര്യവുമില്ല. അങ്ങനെയായാൽ നമുക്ക് വേണ്ടി പ്രാർത്ഥിക്കാൻ ആരും ഉണ്ടാകുകയില്ല. മറ്റുള്ളവരെ സഹായിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോഴാണ് ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്.

**വിശ്വാസത്തിലും ആരാധനയിലുമധിഷ്ഠിതമായ അത്മീയ ജീവിതമാണ് സഭയുടെ അടിത്തറ എന്നാൽ പുതിയ തലമുറ ഇതിൽ നിന്ന് അകലുന്നു എന്നൊരു സംശയമുണ്ട്. സങ്കേതിക വിദ്യകളുടെ മുന്നേറ്റങ്ങൾ പുതു തലമുറയെ ആത്മീയ മേഖലകളിൽ നിന്ന് അകറ്റുന്നുണ്ടോ? അവരുടെ വിശ്വാസ കാര്യങ്ങളിൽ അത്മീയ നേതൃത്വം കൂടുതൽ ശ്രദ്ധിക്കേണ്ടതില്ലേ. അങ്ങയുടെ അഭിപ്രായം എന്താണ്?**

പരിശുദ്ധ ബാവ തിരുമേനി - പുതിയ തലമുറയെക്കുറിച്ച് എനിക്ക് വളരെ ശുഭാപ്തി വിശ്വാസമാണുള്ളത്.സർഗ്ഗ ശക്തിയും കർമ്മ കുശലതയുമുള്ള ഒരു സമൂഹമാണ് വളർന്നു വരുന്നത്. അവർ ശാസ്ത്ര സാങ്കേതിക രംഗത്ത് നല്ല നിലവാരം പുലർത്തുന്നവരാണ്. എന്നാൽ അവർക്ക് വേണ്ട വിധം ശരിയായ മാർഗ്ഗ നിർദ്ദേശം കൊടുക്കാൻ നമ്മുടെ മുതിർന്ന തലമുറക്ക് സാധിക്കുന്നുണ്ടോ എന്നതാണ് എന്റെ സംശയം. കാരണം നീതി, സത്യം, സമാധാനം. എന്നുള്ളതൊക്കെ





വേണ്ട രീതിൽ പോകണം, സുതാര്യമായ ഒരു ജീവിതം ഉണ്ടാകണം എന്നൊക്കെ ആഗ്രഹിക്കുന്ന ഒരു സമൂഹമായിട്ടാണ് പുതിയ തലമുറയെ ഞാൻ കാണുന്നത് എന്നാൽ അത് പലപ്പോഴും അവർക്ക് നിരാശയുണ്ടാക്കുകയാണ് ചെയ്യുന്നത്. സുതാര്യതയില്ലാതെ കള്ളപ്പണത്തിലും ലഹരിയിലുമൊക്കെ.

ഒരുപാടാളുകൾ ലോകത്തിൽ ഇടപ്പെടുന്നുണ്ട്. ഇന്ന് ഇന്ത്യയിലെ സാമ്പത്തിക സ്ഥിതിയിൽ നേരായ മാർഗ്ഗത്തിലല്ലാത്ത അതായത് കണക്കില്ലാത്ത കള്ളപ്പണത്തിന്റെ സാന്നിധ്യം ധാരാളമുണ്ടെന്ന് നമുക്കറിയാം. നമ്മുടെ രാജ്യം ദാരിദ്ര്യം അനുഭവിക്കുമ്പോൾ കോടികളോ കോടാനുകോടികളോ സ്വിസ് ബാങ്കിൽ നിക്ഷേപിക്കുന്ന ഇന്ത്യയിയിലെ ആളുകൾ എത്രമാത്രം ഈ രാജ്യത്തോടോ രാജ്യത്തെ ജനങ്ങളോടോ ഉത്തരവാദിത്വവും കടപ്പാടുമുള്ളവരാണ്. അത്ര നിരുത്തരവാദിത്വമുള്ള, സ്വാർത്ഥതയുള്ള ഒരു സമൂഹം ഇവിടെ നില നിൽക്കുമ്പോൾ പുതിയ തലമുറയ്ക്ക് വലിയ ആശങ്കയുണ്ടാകുന്നതിൽ അതിശയിക്കാനില്ല. അതു കൊണ്ട് മുതിർന്ന തലമുറ കുറച്ചു കൂടി സുതാര്യമാകുകയാണ് വേണ്ടത്. സ്വത്ത് കുന്നു കൂട്ടുന്നതല്ല ജീവിതമെന്ന് തിരിച്ചറിയുകയും നന്മ നിറഞ്ഞ ജീവിതം ജീവിച്ചു കാണിക്കുകയും ചെയ്യുകയാണ് പുതിയ തലമുറയ്ക്കായി നമുക്ക് ചെയ്യാനുള്ളത്. നമ്മുടെ ജീവിതം നന്മ നിറഞ്ഞതാകുമ്പോൾ പുതിയ തലമുറ നമ്മോടൊപ്പം വരും അപ്പോൾ അവർ സ്വാഭാവി കമായും ആത്മീയതയിലേക്ക് എത്തിയിരിക്കും. അപ്പോൾ പുതിയ

തലമുറയെക്കുറിച്ച് ആശങ്കപ്പെടുകയല്ല വേണ്ടത് മുതിർന്നവർ സ്വയം മാറി മാതൃകയാകുകയാണ് വേണ്ടത്.

**ആദ്ധ്യാത്മിക അനുഷ്ഠാനങ്ങൾക്ക് ഊന്നൽ നൽകി ഇന്ദ്രിയ ശുദ്ധി വരുത്തിയ അങ്ങയുടെ ജീവിതം എല്ലാവർക്കും മാതൃകയാണ്. സഭ അനുശാസിക്കുന്ന ആത്മീയ അനുഷ്ഠാനങ്ങൾ പിന്തുടരേണ്ടതിന്റെ ആവശ്യകത ഒന്നു വിശദീകരിക്കാമോ?**

നിങ്ങൾ എന്റെ സ്നേഹിതന്മാരാകണമെങ്കിൽ എന്റെ കല്പനകൾ അനുസരിക്കണമെന്നാണ് കർത്താവ് പറയുന്നത്. അതു കൊണ്ട് കർത്താവിന്റെ ശരീരമായ സഭയുടെ നിയമങ്ങൾ പാലിക്കാൻ സഭാംഗങ്ങൾ ബാധ്യസ്തരാണ്. സഭാ മക്കൾ ആചാരങ്ങളും അനുഷ്ഠാനങ്ങളും വേണ്ട വിധത്തിൽ നിർവ്വഹിക്കുമ്പോൾ ശുദ്ധീകരണത്തിന്റെ മാർഗ്ഗം അകലെയല്ല. ഇന്ന് നമ്മുക്ക് അത്തരം വിശുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സാധിക്കാതെ വരുന്നു. അവിടെയാണ് പരാജയം. നോമ്പെടുക്കാനും ഉപവസിക്കാനും പ്രാർത്ഥിക്കാനും ദൈവം നമ്മുക്ക് അവസരം നൽകിയിട്ടുണ്ട്. എന്നാൽ മനുഷ്യർ അത് പലപ്പഴും ഉപയോഗിക്കുന്നില്ല. നമുക്കറിയാം ഇന്ന് ഭക്ഷണത്തിന്റെ ആധിക്യം കൊണ്ട് രോഗം വരുന്ന മനുഷ്യരാണ് ഭക്ഷണമില്ലായ്മയിൽ രോഗം വരുന്ന മനുഷ്യരെക്കാളധികം ആശുപത്രികളിലെത്തുന്നത്.

ധാരാളിത്തത്തിന്റെ സംസ്ക്കാരം നിലനിൽക്കുന്നിടത്തോളം നമുക്ക് ആധ്യാത്മികതയുടെ ചൈതന്യം വളർത്തിക്കൊണ്ടു വരുവാനോ ആത്മീയ ജീവിതത്തിന് ഊന്നൽ കൊടുക്കാനോ സാധിക്കില്ല. അതു കൊണ്ട് പരിമിതീകരണം എന്ന ചിന്ത യേശുക്രിസ്തു പഠിപ്പിച്ചിട്ടുള്ളതാണ്. സകലവും ത്യജിച്ച് എന്നെ അനുഗമിക്കാത്തവന് എന്റെ പിന്നാലെ വരുവാൻ സാധിക്കുന്നില്ല. ഒന്നും ത്യജിക്കുന്നില്ല അതുകൊണ്ട് ആത്മീയതയിലേക്ക് വരുവാനും സാധിക്കുന്നില്ല. ത്യാഗ മനോഭാവത്തോടെ മറ്റുള്ളവരെ കരുതുകയും സഹായിക്കുകയും ചെയ്ത് മുന്നോട്ടു പോയാൽ നമുക്ക് ആധ്യാത്മികമായ വളർച്ച ഉണ്ടാകും. അതിനുള്ള മാർഗ്ഗങ്ങൾ നമുക്കുണ്ട്.

ആധ്യാത്മിക അനുഷ്ഠാനങ്ങൾ നമുക്ക് തന്നിരിക്കുന്നത് ദൈവരാജ്യത്തിനനുസരിച്ചുള്ള ജീവിത വിശുദ്ധിക്കു വേണ്ടിയാണെന്ന് മനസിലാക്കി കൊണ്ട് ആത്മാർത്ഥമായി പ്രവർത്തിക്കുമ്പോൾ നമ്മുടെ ആത്മീയ ജീവിതം വളരും.

**പൊതു സമൂഹത്തിൽ സഭയുടെ ഇടം എന്താണ്. എങ്ങനെയൊക്കെ സഭയ്ക്ക് മുഖ്യധാരാ സമൂഹത്തോട് ചേർന്നു നിൽക്കാൻ സാധിക്കും?**

ദൈവത്തിന്റെ മക്കളാണ് ലോകത്തിലെ എല്ലാ മനുഷ്യരും. അതുകൊണ്ട് പൊതുസമൂഹം എന്നുപറയുന്നത് നമ്മുടേതല്ലാത്ത പല കാരണങ്ങൾ കൊണ്ട് ഭിന്നമായിരിക്കുന്നു

മതപരമായി രാഷ്ട്രീയപരമായി പല രീതിയിൽ അനേക മതങ്ങൾ അനേക രാഷ്ട്രങ്ങൾ അനേകവിശ്വാസങ്ങൾ ദൈവം ഉണ്ടെന്ന് വിശ്വസിക്കുന്നവർ, ദൈവമില്ലെന്ന് വിശ്വസിക്കുന്നവർ യുക്തിവാദികൾ അങ്ങനെയെല്ലാം ഉണ്ട്. ഇവരെല്ലാം ദൈവത്തിന്റെ മക്കളാണ്. ആരെയും നിഷേധിക്കുകയോ ആരോടും വെറുപ്പു ഉണ്ടാകുകയോ ചെയ്യരുത്. അവർ എല്ലാവരും ദൈവത്തിന്റെ മക്കളാണ് വ്യത്യസ്തങ്ങളായ വഴിയിൽ അവർക്ക് പോകേണ്ടി വരും. പല മതങ്ങൾ പല രീതിയിൽ അവരവർക്ക് ലഭിച്ചിരിക്കുന്ന വീക്ഷണം അനുസരിച്ച് മുന്നോട്ട് പോകുന്നു. നമ്മുടെ മതമാണ് നമ്മുടെ വീക്ഷണമാണ് നമ്മുടെ ദൈവമാണ് ശരി എന്ന് പറഞ്ഞിട്ട് കാര്യമില്ല. നമുക്ക് നമ്മുടേതായ വീക്ഷണം ശരിയെന്ന് ഉത്തമ ബോധ്യമുണ്ടെങ്കിൽ അത് വിശ്വസിക്കാം പ്രചരിപ്പിക്കാം.

ഇന്ത്യൻ പീനൽ കോഡ് 25, 26 ആർട്ടിക്കിൾ അനുസരിച്ച് ഏതു മതത്തിൽ വിശ്വസിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശമുണ്ട്

ഒരു മതത്തിന്റെ അതിരുകൾ മറ്റൊരു മതം ലംഘിക്കാൻ പാടില്ല എന്നു മാത്രം. ആർക്കും ഏതു മതത്തിൽ വേണമെങ്കിലും വിശ്വസിക്കാം

നിർബന്ധിച്ചാരും വിശ്വാസം അടിച്ചേൽപ്പിക്കരുത്. ഓരോ മതത്തിന്റെയും വിശ്വാസിയുടെയും സ്വാതന്ത്ര്യവും ഡിഗ്നിറ്റിയും കാത്തുസൂക്ഷിക്കണം .

എല്ലാവരും ദൈവത്തിന്റെ മക്കൾ ആണ് എന്ന ഒരു കാഴ്ചപ്പാടിൽ വേണം സഭയും സമൂഹവും മുന്നോട്ട് നീങ്ങേണ്ടത്. എന്റെ വിശ്വാസത്തിന്റേതായ ഐഡൻറിറ്റി കാത്തുസൂക്ഷിച്ച് ഞാൻ എന്റെ മതത്തിൽ വിശ്വസിച്ചാൽ മതി. എന്റെ സഹോദരന്റെ വിശ്വാസത്തിൽ ഇടപെടേണ്ട കാര്യമില്ല അവരുടെ വ്യക്തിത്വം അംഗീകരിച്ചുകൊണ്ട് അവരെ സ്നേഹിക്കാൻ തയ്യാറാവണം മറ്റുള്ളവരെ ബഹുമാനിക്കാൻ നാം തയ്യാറാവണം

എന്റേതാണ് നല്ലത് എന്ന് എനിക്ക് പറയാം മറ്റൊരാളുടെ ആണ്

നല്ലത് എന്ന് അവർക്ക് പറയാം. മനുഷ്യർക്ക് അതിനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം' മതസൗഹാർദ്ദം പുലർത്തുന്ന ഒരു രാജ്യമാകണം ഭാരതം.

യേശുക്രിസ്തു പറയുന്നുണ്ട് ഈ ആട്ടിൻ കൂട്ടത്തിൽ ഉൾപ്പെടാത്ത ഒരുപാട് ആളുകൾ എനിക്ക് വേറെയും ഉണ്ട് ഏതാണ് മറ്റ് ആളുകൾ എന്ന് നമുക്കറിയില്ല . ഏതായാലും എല്ലാ മതവും ദൈവത്തിങ്കലേക്കാണ് നീങ്ങുന്നത്. ഒരു മതവും പിശാചിങ്കലേക്ക് പോകുന്നില്ല.

ആരെയൊക്കെ ദൈവം രക്ഷിക്കും ആരെയൊക്കെ ദൈവം ശിക്ഷിക്കും എന്നുള്ള അതൊന്നും നമുക്ക് നമ്മുടെ അധികാര പരിധിയിൽപെട്ട കാര്യമല്ല. ആയതിനാൽ എല്ലാ മനുഷ്യരും പരസ്പരം സ്നേഹിച്ച് നന്മയോടും സമാധാനത്തോടും ജീവിക്കുകയാണ് വേണ്ടത്.

**മലങ്കര ഓർത്തഡോക്സ് സഭയുടെ പാരമ്പര്യവും ചരിത്രവും കാത്തുസൂക്ഷിക്കാൻ കഴിയത്തക്കരീതിയിൽ ഒരു മ്യൂസിയം സഭാ ആസ്ഥാനത്ത് ഉണ്ടാകേണ്ടത് ആവശ്യകതയല്ലേ? അതിനെക്കുറിച്ച് തിരുമേനിയുടെ അഭിപ്രായമെന്താണ്?**

തീർച്ചയായും ജോൺസന്റെ ചോദ്യം വളരെ പ്രസക്തമായ ഒന്നു തന്നെയാണ്. എന്റെ വിദ്യാഭ്യാസ കാലഘട്ടത്തിലും അതിനുശേഷവും ലോകസഭകളുടെ ആസ്ഥാനങ്ങൾ സന്ദർശിക്കുമ്പോൾ പുരാതനമായ ആ സഭകളുടെയൊക്കെ ചരിത്രവും സാംസ്ക്കാരിക ചിഹ്നങ്ങളും ഒക്കെ സൂക്ഷിക്കുന്ന മ്യൂസിയങ്ങൾ സഭാ ആസ്ഥാനങ്ങളിൽ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ. സഭയെക്കുറിച്ച് പഠിക്കുന്നതിനും സഭാചരിത്രത്തിൽ ഗവേഷണം നടത്തുന്നതിനും പുതിയ തലമുറയ്ക്ക് പാരമ്പര്യത്തിന്റെ മഹത്വം മനസ്സിലാക്കുന്നതിനും ഇത്തരം മ്യൂസിയങ്ങളും സ്മാരകങ്ങളും സഹായകമാണ്. തീർച്ചയായും മലങ്കര ഓർത്തഡോക്സ് സഭയുടെ ആസ്ഥാനത്തും അത്തരത്തിലുള്ള ഒരു കേന്ദ്രം തുടങ്ങുന്നതിന് സഭാചരിത്രകാരന്മാരുടെയും നിങ്ങളെപ്പോലെയുള്ള സഭാസ്നേഹികളുടെയും സഹായം ആവശ്യമാണ്. അധികം താമസിയാതെതന്നെ അതിനു തുടക്കം കുറിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(മനസ് മാസികയിൽ പ്രസിദ്ധീകരിച്ചത്)

# ജോൺസൺ കീപ്പള്ളിൽ കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഇടവകയുടെ അഭിമാനം



**ഫാ. ഷിബു വർഗീസ്**
**(വികാരി, സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ, കുടശ്ശനാട്**

മലങ്കര ഓർത്തഡോക്സ് സഭയുടെ അൽമായ ട്രസ്റ്റി സ്ഥാനത്തേക്ക് കുടശ്ശനാട് സെന്റ്. സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവകയുടെ പ്രിയ പുത്രൻ ശ്രീ.ജോൺസൺ കീപ്പള്ളിൽ മത്സരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ആളു കൊണ്ടും അർത്ഥം കൊണ്ടും എന്നും ഇടവകയ്ക്ക് കൈത്താങ്ങായി നിൽക്കുന്ന കീപ്പള്ളിൽ കുടുംബത്തിലെ ഒരംഗം സഭയുടെ കൈസ്ഥാനിയായി വരുന്നത് അഭിമാനമാണ്. ഇടവകയിലെ ബാലസമാജത്തിന്റെയും യുവജന പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങളിലൂടെ സഭാ രംഗത്ത് സജീവമായ ജോൺസൺ കീപ്പള്ളിൽ യുവജന പ്രസ്ഥാന പ്രവർത്തന കാലത്ത് ഇദ്ദേഹം ചീഫ് എഡിറ്ററായി ആരംഭിച്ച *യുവദീപ്തി* എന്ന ത്രൈമാസിക ഇപ്പോഴും പ്രസിദ്ധീകരണം തുടരുന്നുണ്ട്. കുടശ്ശനാട്ടു നിന്നുള്ള പ്രവാസികളുടെ സംഘടനയായ KOSS ന്റെ മുഖ്യ സംഘാടകനാണ്. KOSS ന്റെ ഗ്ലോബൽ പ്രസിഡന്റ് എന്ന നിലയിൽ ജോൺസൺ കീപ്പള്ളിൽ ഈ ഗ്രാമത്തിൽ ചെയ്ത ജീവകാരുണ്യ സേവന പ്രവർത്തനങ്ങൾ വിലമതിക്കാനാകാത്തതാണ്. മികച്ച സംഘാടകനായ ശ്രീ.ജോൺസൺ കീപ്പള്ളിയുടെ കഴിവുകൾ സഭയ്ക്ക് എന്നും മുതൽക്കൂട്ടായിരിക്കും.

വിദ്യാഭ്യാസ പ്രവർത്തനത്തിലാണ് ശ്രീ. ജോൺസൺ കീപ്പള്ളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്. മിഡിൽ ഈസ്റ്റിൽ നേരത്തെ അദ്ദേഹം നടത്തിയിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു.

കേരള പ്രൈവറ്റ് (എയ്ഡഡ്) സ്കൂൾ മാനേജേഴ്സ് അസോസിയേഷന്റെ സംസ്ഥാന കമ്മറ്റി അംഗം എന്ന നിലയിലും സെൻറ്. ജോർജ്ജ് ഗ്രൂപ്പ് ഓഫ് സ്കൂളുകളുടെ മാനേജർ എന്ന നിലയിലും കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ അദ്ദേഹം നിറസാന്നിദ്ധ്യമാണ്.

പൗരസ്ത്യ ഓർത്തഡോക്സ് ദർശനങ്ങളിലടിയുറച്ച് നിന്നുകൊണ്ട് എക്യൂമെനിക്കൽ കാഴ്ചപ്പാടോടെ പ്രസിദ്ധീകരിക്കുന്ന മനസ് മാസികയുടെ ചീഫ് എഡിറ്റർ എന്ന നിലയിലും കേരളത്തിലെ യുവജനങ്ങളുടെ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്ന കേരളാ പവർ മൈൻഡ് മിഷന്റെ ചെയർമാൻ എന്ന നിലയിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.



INDO-BRITISH EXCELLANCE AWARDS 2016
VENUE : UK PARLIAMENT, HOUSE OF COMMONS, LONDON, DATE : 25TH JANUARY 2017



**YMCA - SIR GEORGE WILLIAMS INTERNATIONAL YOUTH AWARD**
presented to Mr. Johnson Keeppallil on 22nd Feb. 2015 by Honourable Minister Ramesh Chennithala in the presence of YMCA InternationalPresident Peter Posner, YMCA National President Dr. Rolland Williams and other dignitaries



# ജോൺസൺ കീപ്പള്ളിൽ

മലങ്കര ഓർത്തഡോക്സ് സഭ അനേകം വിശ്വാസ ധീരരായ പിതാക്കന്മാരുടെ പവിത്ര ജീവിതം കൊണ്ട് വിശുദ്ധമാക്കപ്പെട്ട ക്രിസ്തു ഗാത്രമാണ്.

സ്തുതി ചൊവ്വാക്കപ്പെട്ട സഭയുടെ വളർച്ചയിൽ പരിശുദ്ധ പിതാക്കന്മാരോടൊപ്പം അനേക അല്മായരുടെയും പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. അല്പമായും അധികമായും സഭയുടെ വളർച്ചയ്ക്കും ഉന്നതിക്കും കാരണമായവരുടെ മുൻപിൽ മനസ് മാസിക ശിരസ് നമിക്കുന്നു.

സഭയുടെ അല്മായ നേതൃത്വ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന മനസ് മാസികയുടെ ചീഫ് എഡിറ്റർ ശ്രീ.ജോൺസൺ കീപ്പള്ളിൽ മലങ്കര സഭയുടെ അല്മായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് മത്സരിക്കുകയാണ്. അഭിമാനത്തോടെയാണ് എഡിറ്റോറിയൽ ടീം നിങ്ങൾക്ക് മുൻപിൽ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത്. സഭയുടെ ഔദ്യോഗിക ചാരിറ്റബിൾ സൊസൈറ്റിയായ ആർദ്രയുടെ ട്രഷർ പദവി വഹിക്കുന്ന ശ്രീ. ജോൺസൺ കീപ്പള്ളിൽ ഉൾപ്പെടെയുള്ളവരുടെ നേതൃത്വം ആർദ്രയെ ജീവകാരുണ്യ പ്രവർത്തന മേഖലയിലുള്ള മുൻനിര സംഘടനയായി വളർത്തിയെടുത്തിട്ടുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചിരുന്ന സിവിൽ സർവ്വീസ് അക്കാദമി നവീകരിച്ച് സംസ്ഥാനത്തെ എറ്റവു മികച്ച ഐ.എ.എസ്. ഹബ്ബ് ആയി വളർത്തിയെടുക്കുന്നതിൽ ശ്രീ. ജോൺസൺ കീപ്പള്ളിൽ നേതൃത്വപരമായ മുഖ്യ പങ്കാണ് വഹിച്ചത്. ഇപ്പോൾ ആ പ്രസ്ഥാനത്തിന്റെ ഡയറക്ടറായി പ്രവർത്തിക്കുന്നു.

1962 ഫെബ്രുവരി 14 ന് ചെങ്ങന്നൂർ ഭദ്രാസനത്തിൽപ്പെട്ട കുടശ്ശനാട് സെന്റ്. സ്റ്റീഫൻസ് കത്തീഡ്രൽ ഇടവകയിൽ കീപ്പള്ളിൽ പുത്തൻവീട്ടിൽ ശ്രീ.കെ.എം. ജോണിന്റെയും(കൈപ്പട്ടൂർ സെന്റ്.

ജോർജ്ജ് പബ്ളിക് സ്കൂൾ സ്ഥാപകൻ) അന്നമ്മ ജോണിന്റെയും നാലമത്തെ മകനായാണ് ജോൺസൺ ജനിച്ചത്. കുടശ്ശനാട് എൻ.എസ്.എസ് ഹൈസ്ക്കൂളിലായിരുന്നു, സ്കൂൾ വിദ്യാഭ്യാസം പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്ന് ബിരുദവും, ഡാവൻഗരെ ജെ.ജെ മെഡിക്കൽ കോളജിൽ നിന്ന് ഫാർമസി ഡിപ്ലോമയും നേടി.

പഠനശേഷം ബിസിനസ്സ് രംഗത്ത് ശ്രദ്ധ പതിപ്പിച്ച ശ്രീ. ജോൺസൺ രാജ്യാന്തര തലത്തിൽ വിവിധ ബിസിനസ് രംഗങ്ങളിൽ സജീവ സാന്നിദ്ധ്യമാണ്.

കോട്ടയം ദേവലോകം പരേതനായ കണ്ണോത്ര ശ്രീ.കെ.പി. കുര്യന്റെയും (റിട്ട. ഡപ്യൂട്ടി കളക്ടർ) അന്നമ്മ കുര്യന്റെയും മകൾ ശ്രീമതി. വിനീത ജോൺസൺ ആണ് ഭാര്യ.

ഡോ. റിച്ചിൻ ജോൺസൺ, അഡ്വ.റിമിൻ ജോൺസൺ (യു.കെ.) എന്നിവർ മക്കളാണ്. ഡോ. സോണി റ്റി. ജേക്കബ് മരുമകൻ ആണ്. കോട്ടയം കളത്തിൽപ്പടി കൈരളി വില്ലായിൽ കീപ്പള്ളിൽ ഹൗസിൽ സ്ഥിരതാമസം.


- ❖ വിദ്യാഭ്യാസ-സാമൂഹ്യ സേവന മേഖലകളിൽ പ്രവർത്തിക്കുന്ന പ്രതിഭകൾക്ക് വൈ.എം.സി.എ. നൽകുന്ന സർ.ജോർജ് വില്യംസ് ഇൻറർ നാഷണൽ യൂത്ത് അവാർഡിന് 2015ൽ ഇദ്ദേഹം അർഹനായി. വൈ.എം.സി.എയുടെ ലോക പ്രസിഡന്റ് പീറ്റർ പോർസനറിന്റെയും നാഷണൽ പ്രസിഡന്റ് ഡോ. റൊണാൾഡ് വില്യംസിന്റെയും റീജനൽ ചെയർമാൻ ഡോ. ലെബി ഫിലിപ്പ് മാത്യുവിന്റെയും സാന്നിദ്ധ്യത്തിൽ അന്നത്തെ ആഭ്യന്തര മന്ത്രി. ശ്രീ.രമേശ് ചെന്നിത്തലയാണ് അവാർഡ് സമർപ്പിച്ചത്.
- ❖ സാമൂഹ്യ പ്രവർത്തകർക്കായി അന്തരാഷ്ട്ര തലത്തിൽ ബ്രിട്ടീഷ് പാർലമെന്റിൽ വെച്ചു നൽകുന്ന അഞ്ചാമത് ഇൻഡോ ബ്രിട്ടീഷ് എക്സലൻസ് അവാർഡ് 2017ൽ ഇദ്ദേഹത്തിനു ലഭിക്കുകയുണ്ടായി.
- ❖ സൗദി അറേബ്യയിലെ ഇന്ത്യക്കാരായ സാമൂഹ്യ പ്രവർത്തകർക്ക് നൽകുന്ന നവയുഗം സർഗപ്രവാസം അവാർഡ് 2016 ൽ ലഭിച്ചു.
- ❖ സൗദി അറേബ്യയിലെ സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷന്റെ എഡ്യുക്കേഷൻ & കൾച്ചറൽ അവാർഡ് ഉൾപ്പെടെ നിരവധി അവാർഡ് ലഭിച്ചിട്ടുണ്ട്.




സർഗ്ഗപ്രവാസം 201
















ATHANAMTHITTA CATHOLICATE COLLEGE
ALUMNI ASSOCIATION
SAUDI CHAPTER






PATHANAMTHITTA CATHOLICATE COLLEGE
ALUMNI ASSOCIATION
SAUDI CHAPTER


















CATHOLICATE ALUMNI AWARD-2003
H.H.MORAN MAR BASELIUS
MAR THOMA MATHEWS II
















സംഗമം
6 – 3.30 pm




കുട്ടനാട് ഓവർസീസ് സൗഹൃദ സംഘം
ആഗോള സംഗമം
ഉദ്ഘാടനം : ബഹു. മന്ത്രി. അടൂർ പ്രകാശ്
2006 ജനുവരി 6 – 3.30 pm
കുട്ടനാട് N.S.S. ഹൈസ്കൂൾ ഓഡിറ്റോറിയം




Sunshine International School
Sunshine Kalabhavan


Sunshine Kalabhavan


Sunshine Kalabhavan







പഠന ക്യാംപ് നടത്തി

പ്രളയദു

കൈത്ത

ഉപവാസ പ്രാ



എംജിഒസിഎസ്എം സിവിൽ സർവീസ് അക്കാദമി വീണ്ടും തുടങ്ങി



അവാർഡ് ജേതാക്കൾ പനോരമ ഭാരവാഹികളോടൊപ്പം.

# ജോൺസൺ കീപ്പള്ളിക്കും ബിജു വർഗീസിനും പനോരമ അവാർഡുകൾ സമ്മാനിച്ചു

ദമാം – പത്തനംതിട്ട ജില്ലാ കൂട്ടായ്മയായ പനോരമയുടെ വിദ്യാഭ്യാസ സാമൂഹ്യ മേഖലയിലെ അവാർഡുകൾ ജോൺസൺ കീപ്പള്ളിക്കും ബിജു വർഗീസിനും ചെയർമാൻ ചെറിയാൻ തോമസും പ്രസിഡന്റ് സി.എം. സുലൈമാനും ചേർന്ന് സമ്മാനിച്ചു.

പന്തളം കുടശ്ശനാട് സ്വദേശിയായ ജോൺസൺ കീപ്പള്ളിൽ സൺഷൈൻ ഇന്റർനാഷണൽ സ്കൂളിന്റെ മാനേജിങ് ഡയറക്ടറും പത്തനംതിട്ട കൈപ്പട്ടൂരിലെ സെന്റ് ജോർജ് സ്കൂളുകളുടെ മാനേജറുമാണ്. 23 വർഷമായി സൗദിയിലുള്ള ജോൺസൺ ബിസിനസ് മേഖലയിലും പ്രാഗൽഭ്യം തെളിയി... ...റൈസ് ഗ്രൂപ്പിന്റെ ഡിവിഷണൽ മാനേജർ കൂടിയായ ഇദ്ദേഹം സാമൂഹ്യ മേഖലയിലും സജീവ സാന്നിധ്യമാണ്.

കേരളാ പവർ മൈൻഡ് മിഷന്റെയും കീപ്പള്ളിൽ എഡ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയുടെയും പ്രസിഡന്റായും പ്രവർത്തിക്കുന്നു. വൈ.എം.സി.എ സർ ജോർജ് വില്യംസ് ഇന്റർനാഷണൽ അവാർഡും ഇൻഡോ ബ്രിട്ടീഷ് എക്സലൻസ് അവാർഡും ലഭിച്ചത് ജോൺസൺ കീപ്പള്ളിലിന്റെ പ്രതിഭ വിളിച്ചോതുന്നതാണ്. ആലപ്പുഴ ഏവൂർ സ്വദേശിയായ കടമ്പാട്ട് ബിജു വർഗീസ് നിയമ ബിരുദ ധാരിയാണ്. 22 വർഷമായി ... ...ത്തവർക്ക് വീട് നിർമിച്ച് നൽകി ജീവകാരുണ്യ രംഗത്ത് മാതൃകാപരമായ പ്രവർത്തനമാണ് ബിജു വർഗീസ് കാഴ്ചവെക്കുന്നത്. ജോൺസൺ തോമസും ആഷ്ലിനും അവതാരകരായി.

ബേബിച്ചൻ ഇലന്തൂർ, ബിനു മാമ്മൻ, രാജു ജോർജ്, മെഹ്ബൂബ് പത്തനംതിട്ട, ഷാജഹാൻ, ഗോപകുമാർ അയിരൂർ, ജോൺസൺ സാമുവൽ, മോനച്ചൻ റാന്നി, വിനോദ് കുമാർ പറക്കോട്, ബിനു പി. ബേബി, ജേക്കബ് മാരാമൺ, ജോസ് തോമസ്, മാത്യു ജോർജ് തുടങ്ങിയവർ നേതൃത്വം നൽകി. ...നറൽ സെക്രട്ടറി അനിൽ മാത്യൂസ് സ്വാ...



ഓർത്തഡോക്സ് സഭയുടെ സേവനവിഭാഗമായ ആർദ്രയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന കുടുംബക്ഷേമ പദ്ധതി ദേവലോകം കാതോലിക്കേറ്റ് അരമന ഓഡിറ്റോറിയത്തിൽ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് ഉദ്ഘാടനം ചെയ്യുന്നു.

# ആർദ്ര കുടുംബക്ഷേമ പദ്ധതി ഉദ്ഘാടനം

കോട്ടയം ● ഓർത്തഡോക്സ് സഭയുടെ സേവനവിഭാഗമായ ആർദ്രയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന കുടുംബക്ഷേമ പദ്ധതി എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറ... ...യിൽ ചേർന്ന യോഗത്തിൽ 100 കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ആംഗ്ലിക്കൻ ബിഷപ് റവ. ഡേവിഡ് ലൂക്കോസ്, ഫാ. മോഹൻ ജോസഫ്, ഫാ. എം.ടി.കുര്യൻ, ഫാ. കെ.വൈ.വിൽസൺ, ആർദ്ര...

# ജിഷ്ണു പ്രണോയി കേസ്: സാക്ഷിക്ക് വധഭീഷണി

**മനോരമ ലേഖകൻ**

നാദാപുരം (കോഴിക്കോട്) ● പാമ്പാടി നെഹ്റു കോളജ് വി...

നാർഷ്

# സഫിയ അജിത്ത് സ്മാരക അവാർഡ് നാസ് വക്കത്തിനും ജോൺസൺ കീപ്പള്ളിലിനും



gulf madhyamam

2017 ജൂൺ 25 ഞായർ

# അശ്വിന്റെ പഠനം ഏറ്റെടുക്കുമെന്ന് ജോൺസൺ

മലങ്കര ഓർത്തഡോക്സ്
സുറിയാനി സഭ

# അല്മായ ട്രസ്റ്റി

സ്ഥാനത്തേക്ക്



# ജോൺസൺ കീപ്പള്ളിൽനെ

വിജയിപ്പിക്കുക

9846352615

www.keeppalliljohnson.com | www.bit.do/camp2022 | info@keeppalliljohnson.com